(ബി) മാക്രോ മാനേജ്മെന്റ് പദ്ധതി, നാളികേര ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ തെങ്ങിന്റെ കൂമ്പുചീയൽ രോഗനിയന്ത്രണം, ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി തെങ്ങിന്റെ കാറ്റുവീഴ്ച രോഗനിയന്ത്രണം എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.

(സി)

2001–2002 വർഷം	:	2901.76	ലക്ഷം രൂപ.
2002–2003 വർഷം	:	3458.87	,,
2003–2004 വർഷം	:	3512.587	,,

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കാർഷിക മേഖലയെ അന്താരാഷ്ട്ര മത്സരത്തിന് പ്രാപ്തമാക്കുന്ന നടപടി

52 [2915] ഡോ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി:
,, ടി. കെ. ദേവകുമാർ:
,, വി. ചെന്താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവത്ക്കരണത്തിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനും കാർഷിക മേഖലയെ അന്താരാഷ്ട്ര മത്സരത്തിനു പ്രാപ്തമാക്കുന്നതിനും ഉതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പ്രൊഫ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്നതിനും റബ്ബറിനെയും കയറിനെയും കാർഷികോല്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തണമെന്ന കമ്മീഷന്റെ ശുപാർശയിൻമേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതിനായി കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ആഗോളവത്ക്കരണത്തിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനും, നല്ല വശങ്ങൾ ചൂഷണം ചെയ്ത് കാർഷിക മേഖലയെ അന്താരാഷ്ട്ര മത്സരത്തിന് പ്രാപ്തമാക്കുന്നതിനും ഉതകുന്ന ശുപാർശകൾ സമർപ്പിക്കുന്നതിനായി ഡോ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ട് 2003 ജനുവരി മാസം സർക്കാരിന് നൽകുകയുണ്ടായി. ടി റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും കമ്മീഷന്റെ ശുപാർശകളിൻമേൽ തുടർനടപടി സ്വീകരിച്ചുവരുകയുമാണ്. സ്വാമിനാഥൻ കമ്മീഷൻ രണ്ടുതരത്തിലുള്ള ശുപാർശകളാണ് നൽകിയിരിക്കുന്നത്. കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും സംസ്ഥാന സർക്കാർ തലത്തിൽ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കേണ്ടവയും. കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, അവയിൽ തുടർ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ നടപടി സ്വീകരിക്കേണ്ട പല പ്രധാനപ്പെട്ട ശുപാർശകളിൻമേലും ഇതിനകം തന്നെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

1. സംസ്ഥാന തലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി.

2. മേൽപ്പറഞ്ഞ സമിതിയെ സഹായിക്കാനായി സാമ്പത്തിക, ലോക വ്യാപാര കാര്യങ്ങളിൽ വിദഗ്ദ്ധയായ ഒരു ഐ. ഇ. എസ്. ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിൽ ഒരു ഡബ്ലിയു. ടി. ഒ. സെൽ രൂപീകരിച്ചു.

3. കാർഷിക വ്യാപാര വിപണന രംഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതിനായി അഞ്ചുവർഷ കാലയളവിലേയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായി. തുടർന്നു കല്പിത സർവ്വകലാശാലയ്ക്ക് ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുകയുണ്ടായി. സർവ്വകലാശാലയുടെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

4. ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ഒരു ഔഷധ ജൈവതാഴ്വര (ഹെർബൽ ബയോവാലി) രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചു. ഇതിനുള്ള പദ്ധതി കയറ്റുമതി മേഖലാ പദ്ധതിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

5. ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച് ആലപ്പി കാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കാൻ സ്പൈസസ് ബോർഡുമായി ചേർന്ന് നടപടി എടുത്തുവരുന്നു.

6. ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി തുടങ്ങി. ഇതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തന രേഖ തയ്യാറാക്കി. ആദ്യനടപടിയായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. ഡോ. വി. എൻ. ചോപ്ര കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപസമിതി എന്നിവയുടെ നിർദ്ദേശപ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി ടെലിവിഷനിലൂടെ കൃഷി വിജ്ഞാന വ്യാപനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും കയറ്റുമതി സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തെ 9 ജില്ലകളെ ഉൾപ്പെടുത്തി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

9. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമ സെൽ രൂപീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തിവയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

11. എൻ. ഡി. ഡി. ബി.-യുടെ സഹായത്തോടെ സംസ്ഥാനത്തെ ഒരു ജന്തുരോഗ നിയന്ത്രണ മേഖല ആക്കുവാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

12. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

13. മത്സ്യ ബന്ധനം സംബന്ധിച്ച് ശുപാർശകളും, നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരടുനയം രൂപപ്പെടുത്തി.

14. വിനോദ സഞ്ചാര മേഖലയിൽ ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം, സ്പിരിച്വൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചു വരുന്നു.

15. കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്താനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

16. കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ യഥാസമയത്ത് ലഭിക്കുന്നതിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാതൃകയിൽ ഒരു വിളസ്ഥിരതാഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) ആഗോളവത്ക്കരണത്തിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനും നല്ല വശങ്ങൾ ചൂഷണം ചെയ്ത് കാർഷികമേഖലയെ അന്താരാഷ്ട്ര മത്സരത്തിന് പ്രാപ്തമാക്കുന്നതിനും ഉതകുന്ന നിരവധി ശുപാർശകൾ കമ്മീഷൻ നൽകിയിട്ടുണ്ട്. അവയിൽ പ്രധാനമായവ ഇനി പറയുന്നു.

1. ലോകവ്യാപാര കരാറിന്മേലുള്ള ചർച്ചകളിൽ ഗാർഹിക അവലംബം, വിപണി പ്രാപ്യത, പ്രധാന കാർഷികോല്പന്നങ്ങളുടെയും ഭക്ഷ്യ എണ്ണകളുടെയും ഇറക്കുമതി തീരുവ വർദ്ധിപ്പിക്കൽ, റബ്ബറിനെയും കയറിനെയും കാർഷികോല്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ രാജ്യതാല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുമാറ് കേന്ദ്ര തലത്തിൽ സമ്മർദ്ദം ചെലത്തുക.

2. സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഒരു ഉന്നതതല സ്ഥിരം സമിതി രൂപീകരിക്കുക.

3. തോട്ടം മേഖലയിൽ തകർച്ച നേരിടാൻ തൊഴിലാളികൾക്ക് വേതനത്തിന്റെ ഒരു ഭാഗം ഭക്ഷ്യധാന്യമായി നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ 'സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർയോജന' യുമായി ബന്ധപ്പെടുത്തുക.

4. തോട്ടം വിളകളുടെ വികസനത്തിന് സമഗ്രമായ നയം രൂപീകരിക്കുക.

5. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ദേശീയ ജൈവകൃഷി ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിച്ചുകിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

6. അന്താരാഷ്ട്രതലത്തിൽ മത്സരത്തിന് കർഷക സമൂഹത്തെ പ്രാപ്തമാക്കാൻ കാർഷിക വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അപ്പപ്പോൾ ലഭ്യമാക്കുന്നതിന് ഒരു 'വെർച്വൽ യൂണിവേഴ്സിറ്റി' സ്ഥാപിക്കുക.

7. കാർഷിക കയറ്റുമതി മേഖല, സംസ്ഥാനത്തെ ആറു കാർഷിക മൊത്ത വ്യാപാര മാർക്കറ്റുകളുമായി ബന്ധിപ്പിക്കുക.

8. സസ്യ ഔഷധവും, ആയുർവ്വേദവും പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്ത് ഒരു 'ഹെർബൽ ബയോവാലി' വികസിപ്പിക്കുകയും ചെയ്യുക.

9. മലബാർ കുരുമുളകുപോലെ സംസ്ഥാനത്തിന് മാത്രം അവകാശപ്പെടാവുന്ന വിളകൾക്ക് 'ജിയോഗ്രാഫിക് ഇൻഡിക്കേഷൻ' സംരക്ഷണം നേടിയെടുക്കുക.

10. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മാ നിലവാര നിഷ്ക്കർഷകൾ ഏർപ്പെടുത്തുകയും പരിശീലനം നൽകുകയും ചെയ്യുക.

11. സമുദ്രോല്പന്നങ്ങളുടെ ആഭ്യന്തര, കയറ്റുമതി വിപണി വിപുലമാക്കുക.

12. കിസാൻ ക്രെഡിറ്റ് കാർഡുസമ്പ്രദായം വിപുലപ്പെടുത്തുക.

13. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ കേരളത്തിന്റെ എല്ലാ പ്രധാന വിളകളെയും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുക.

14. ഇൻഡ്യയ്ക്കൊട്ടാകെ ഒരു പൊതു വിപണി ഉണ്ടാകുന്നത് കർഷകർക്ക് ഗുണകരമായിരിക്കുമെന്നതിനാൽ അതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ശ്രദ്ധിക്കുക.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

വരൾച്ചമൂലം നാണ്യവിളകൾക്കും തോട്ടവിളകൾക്കും ഉണ്ടായ കൃഷിനാശം

53 [2916] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഉണ്ടായ വരൾച്ചയെ തുടർന്ന് നാണ്യവിളകൾക്കും തോട്ട വിളകൾക്കും ഉണ്ടായ കൃഷിനാശം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly